"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് എരഞ്ഞിപ്പാലം കരുണ ബധിര മൂക ഹയർ സെക്കന്ററി സ്കൂളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഗണിതാധ്യാപികയായി ജോലിനോക്കി വരുന്ന ഡോ.സവിത കെ - യ്ക്ക് സ്ഥിരനിയമനത്തിനായി ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.76/2022/GEDN തീയതി,തിരുവനന്തപുരം, 30-04-2022

പരാമർശം:-

1. സ.ഉ(കൈ) നം.108/2014/പൊവിവ തീയതി 17.06.2014
2. സ.ഉ(കൈ) നം.168/2021/പൊവിവ തീയതി 26.07.2021
3. സ.ഉ.(കൈ) നം.169/2021/പൊ.വി.വ തീയതി 26.07.2021
4. കോർപ്പറേറ്റ് മാനേജരുടെ 02.08.2021 ലെ അപേക്ഷ
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.02.2022 ലെ എസിഡി.സി3/166323/2022/എച്ച്.എസ്.ഇ നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് എരഞ്ഞിപ്പാലം കരുണ ബധിര മൂക വിദ്യാലയം അടക്കമുള്ള 3 എയ്ഡഡ് വിദ്യാലയങ്ങളെ പരാമർശം 1 ഉത്തരവ് പ്രകാരം ഹയർ സെക്കന്ററിയായി ഉയർത്തുകയുണ്ടായി. 2014-15 അധ്യയന വർഷത്തേയ്ക്ക് പുറപ്പെടുവിച്ച പ്രോസ്പെക്ടസിൽ ലഭ്യമായ സബ്ജക്ട് കോമ്പിനേഷനുകളിൽ ഏതെങ്കിലും ഒന്ന് ഹയർ സെക്കന്ററി ഡയറക്ടറുടെ അംഗീകാരത്തോടെ തെരെഞ്ഞെടുക്കാനും അധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നതു വരെ താത്കാലികമായി അധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുവാനും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. അപ്രകാരം കരുണ ബധിര മൂക സ്കൂളിൽ സയൻസ് ബാച്ച്(കോഴ്സ് കോഡ് 5) അനുവദിച്ച് ഹയർ സെക്കന്ററി ഡയറക്ടർ ഉത്തരവാകുകയും തുടർന്ന് ഡോ.സവിത കെ. - യെ ഗണിതാധ്യാപികയായി ദിവസവേതനാടിസ്ഥാനത്തിൽ 01.06.2017 മുതൽ മാനേജർ നിയമിക്കുകയും ചെയ്തു. ടി തീയതി മുതൽ ഡോ.സവിത കെ. ഗണിതാധ്യാപികയായി തുടർന്ന് വരികയാണ്.

2. പരാമർശം 3 ഉത്തരവ് പ്രകാരം പ്രകാരം ടി സ്കൂളിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ വിഭാഗത്തിൽ മലയാളം, ഇംഗ്ലീഷ് തസ്തികകളും എച്ച്.എസ്.എസ്.റ്റി സീനിയർ വിഭാഗത്തിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, കംപ്യൂട്ടർ സയൻസ്/ആപ്പ്ളിക്കേഷൻ തസ്തികകളും പ്രിൻസിപ്പാൾ, ലാബ് അസിസ്റ്റന്റ്

തസ്തികകളും അനുവദിക്കുയുണ്ടായി.

3. ടി സ്കൂളിൽ 2017 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ഗണിതാധ്യാപികയായി ജോലിനോക്കി വരുന്ന ഡോ.സവിതയ്ക്ക് 40 വയസ്സ് കടന്നിരിക്കുകയാണെന്നും പരാമർശം 2 ഉത്തരവ് പ്രകാരം മറ്റ് എയ്ഡഡ് സ്കൂളുകളിൽ നല്കിയതുപോലെ ടി അധ്യാപികയുടെ നിയമനത്തിനും പ്രായപരിധിയിൽ ഇളവ് നൽകണമെന്ന് പരാമർശം 4 പ്രകാരം മാനേജർ അപേക്ഷിച്ചിട്ടുണ്ട്. ഡോ.സവിതയ്ക്ക് 2019 ൽ 40 വയസ്സ് പൂർത്തിയായെന്നും ടിയാന് വയസ്സിളവ് നല്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ 20 നും 40 നും വയസ്സിനിടയിലുള്ളവരാണ് എച്ച്.എസ്.എസ്.റ്റി തസ്തികയ്ക്ക് അർഹരായിട്ടുള്ളവർ. ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ ആവശ്യകതക്കനുസരിച്ചാണ് സർക്കാർ വിവിധ ഹയർസെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നത്. എന്നാൽ അവ പ്രവർത്തിക്കുന്നതിനാശ്യമായ തസ്തികകൾ അനുവദിക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ച് അധ്യയനം നടത്തുവാനാണ് സർക്കാർ നിർദ്ദേശിക്കുന്നത്. ഇപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന അധ്യാപകരെ പിന്നീട് പ്രസ്തുത ബാച്ചിലേയ്ക്കായി സൃഷ്ടിച്ച തസ്തികകളിൽ സ്ഥിരനിയമനത്തിനായി പരിഗണിക്കുമ്പോൾ പ്രായപരിധികഴിഞ്ഞ ദിവസവേതനക്കാർക്ക് അവരുടെ ദിവസ വേതനാടിസ്ഥാനത്തിലെ നിയമനം നിശ്ചിത പ്രായപരിധിക്കുള്ളിലാണെങ്കിൽ വയസ്സിളവ് നല്കാറുണ്ട്.

5. ഈ സാഹചര്യത്തിൽ കോഴിക്കോട് എരഞ്ഞിപ്പാലം കരുണ ബധിര മൂക ഹയർ സെക്കന്ററി സ്കൂളിലെ ഗസ്റ്റ് അധ്യാപികയായ ഡോ.സവിത കെ - യുടെ ദിവസ വേതനാടിസ്ഥാനത്തിലെ നിയമനം നിശ്ചിത പ്രായപരിധിക്കുള്ളിലായതിനാൽ കോഴിക്കോട് എരഞ്ഞിപ്പാലം കരുണ ബധിര മൂക ഹയർസെക്കന്ററി സ്കൂളിൽ സൃഷ്ടിക്കപ്പെട്ട എച്ച്.എസ്.എസ്.റ്റി മാത്തമാറ്റിക്സ് തസ്തികയിൽ സ്ഥിരനിയമനം നടത്തുമ്പോൾ, സ്ഥിരനിയമന തീയതി മുതൽ മാത്രം ശമ്പളാനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂവെന്ന വ്യവസ്ഥയോടെ ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന്റെ ഉയർന്ന പ്രായപരിധിയിൽ ഇളവ് (കെ.ഇ.ആർ ചട്ടം 8 അധ്യായം 32 ലുള്ള ഇളവ്) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
മേഖല ഉപമേധാവി, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
മാനേജർ, കരുണ ബധിര മൂക ഹയർസെക്കന്ററി സ്കൂൾ,

എരഞ്ഞിപ്പാലം, കോഴിക്കോട്
ഡോ.സവിത കെ., കരുണ ബധിര മൂക ഹയർസെക്കന്ററി സ്കൂൾ,
എരഞ്ഞിപ്പാലം, കോഴിക്കോട്
പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം.നം.688 തീയതി 27.04.2022)
വിവര പൊതുജനസമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**Signed by Priyanka T V**
**Date: 05-05-2022 11:34:33**
സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-04-2022

ഫയൽ നം. എൻ2/235/2021/പൊ.വി.വ. ഇനം നം: 688

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് എരഞ്ഞിപ്പാലം കരുണ ബധിര മൂക ഹയർ സെക്കന്ററി സ്കൂളിലെ ഗസ്റ്റ് ഗണിതാദ്ധ്യാപികയായ ഡോ. സവിതയ്ക്ക് സ്ഥിരനിയമനത്തിനായി ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നത്.

തീരുമാനം : ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എൻ2/235/2021/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ് |
| 3 | വിഷയം | : | കോഴിക്കോട് എരഞ്ഞിപ്പാലം കരുണ ബധിര മൂക ഹയർ സെക്കന്ററി സ്കൂളിലെ ഗസ്റ്റ് ഗണിതാദ്ധ്യാപികയായ ഡോ.സവിതയ്ക്ക് സ്ഥിരനിയമനത്തിനായി ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 30.03.2022 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ബാധകമല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ബാധകമല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ഒ. എൻ.സക്കീർ ഹുസൈൻ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.04.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.04.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.04.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25.04.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) കോഴിക്കോട് എരഞ്ഞിപ്പാലം കരുണ ബധിര മൂക വിദ്യാലയത്തിൽ എച്ച്.എസ്.എസ്.റ്റി ഗണിതശാസ്ത്രം തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ഡോ.സരിത.കെ-യ്ക്ക് സ്ഥിരനിയമനം നൽകുന്നതിലേക്കായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 32 ചട്ടം (8)-ലെ ഉയർന്ന പ്രായപരിധിയിൽനിന്നും ഇളവനുവദിക്കുന്നത് സംബന്ധിച്ച വിഷയമാണ് കുറിപ്പിലെ പ്രതിപാദ്യം.

2) സ.ഉ(കൈ)നം.108/2014/പൊവിവ തീയതി 17.06.2014 പ്രകാരം കോഴിക്കോട് എരഞ്ഞിപ്പാലം കരുണ ബധിര മൂക വിദ്യാലയം അടക്കമുള്ള 3 എയ്ഡഡ് വിദ്യാലയങ്ങളെ ഹയർസെക്കന്ററിയായി ഉയർത്തുകയുണ്ടായി. അധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നതു വരെ താത്കാലികമായി അധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നിർദ്ദേശവും നല്കിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ടി സ്കൂളുകൾക്ക് 2014-15 അദ്ധ്യയന വർഷത്തേക്ക് പുറപ്പെടുവിച്ച പ്രോസ്പെക്ടസിൽ ലഭ്യമായ സബ്ജക്ട് കോമ്പിനേഷനുകളിൽ ഏതെങ്കിലും ഒന്ന് ഹയർ സെക്കന്ററി ഡയറക്ടറുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കാമെന്നും വ്യവസ്ഥ ചെയ്തിരുന്നു. അപ്രകാരം കരുണ ബധിര മൂക സ്കൂളിൽ താഴെപ്പറയുന്ന സബ്ജക്ട് കോമ്പിനേഷൻ അനുവദിച്ച് ഹയർസെക്കന്ററി ഡയറക്ടർ ഉത്തരവായിരുന്നു.

| നം. | സ്കൂളിന്റെ പേര് | വിഷയം | ഉപഭാഷ |
|---|---|---|---|
| 1 | കരുണ ബധിര മൂക സ്കൂൾ എരഞ്ഞിപ്പാലം, കോഴിക്കോട് | സയൻസ് (കോഡ് നമ്പർ 5) | മലയാളം |

3) തുടർന്ന് ഡോ.സവിത.കെ യെ ഗണിതാദ്ധ്യാപികയായി ദിവസവേതന അടിസ്ഥാനത്തിൽ 01.06.2017 മുതൽ മാനേജർ നിയമിച്ചു. വിശദാംശം ചുവടെ പറയും പ്രകാരമാണ്.

| Sl.No | Name | Date of Birth | Educational Qualification | Post | Period of appointment |
|---|---|---|---|---|---|
| 1 | Savitha.K | 31.05.1979 | M.Sc Mathematics B.Ed, M.Ed, SET | HSST (Jr) Mathematics<br>HSST Mathematics | 01.06.2017 to 28.06.2017<br>29.06.2017 to 28.02.2018 |

തുടർന്ന് പ്രസ്തുത തീയതി മുതൽ ഡോ.സവിത.കെ എച്ച്.എസ്.എസ്.ടി ഗണിതാദ്ധ്യാപികയായി ദിവസ വേതനാടിസ്ഥാനത്തിൽ തുടർന്ന് വരികയായിരുന്നു.

4) സ.ഉ(എം.എസ്)നം.169/2021/പൊവിവ തീയതി 26.07.2021 പ്രകാരം ടി സ്കൂളിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ വിഭാഗത്തിൽ മലയാളം, ഇംഗ്ലീഷ് തസ്തികകളും എച്ച്.എസ്.എസ്.റ്റി സീനിയർ വിഭാഗത്തിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമെറ്റിക്സ്, കംപ്യൂട്ടർ സയൻസ്/ആപ്ലിക്കേഷൻ തസ്തികകളും പ്രിൻസിപ്പാൾ, ലാബ് അസിസ്റ്റന്റ് തസ്തികകളും അനുവദിച്ചിരുന്നു.

5) കരുണ ബധിര മൂക ഹയർസെക്കന്ററി സ്കൂളിൽ 2017 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ഗണിതാധ്യാപികയായി ജോലിനോക്കി വരുന്ന ഡോ.സവിതയ്ക്ക് 40 വയസ്സ് കടന്നിരിക്കുകയാണെന്നും മറ്റ് എയ്ഡഡ് സ്കൂളുകളിൽ നല്കിയതുപോലെ ടി അധ്യാപികയുടെ സ്ഥിര നിയമനത്തിനും പ്രായപരിധിയിൽ ഇളവ് നല്കണമെന്ന് മാനേജർ അപേക്ഷിക്കുകയുണ്ടായി.

6) ഹയർ സെക്കന്ററി തസ്തികയിൽ നിയമനത്തിനുള്ള പ്രായപരിധി 20 നും 40 നും ഇടയിലാണ്. ഡോ.സവിത.കെ-യ്ക്ക് 2019 ൽ 40 വയസ്സ് പൂർത്തിയായതായും ടിയാൾക്ക് വയസ്സിളവ് നല്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

7) ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ ആവശ്യകതക്കനുസരിച്ചാണ് സർക്കാർ വിവിധ ഹയർസെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നത്. എന്നാൽ അവ പ്രവർത്തിക്കുന്നതിനാശ്യമായ തസ്തികകൾ അനുവദിക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ച് അധ്യയനം നടത്തുവാനാണ് സർക്കാർ നിർദ്ദേശിച്ചത്. ടി ബാച്ചുകളിലേയ്ക്കായി സൃഷ്ടിച്ച തസ്തികകളിൽ സ്ഥിരനിയമനം നടത്തുമ്പോൾ ഇപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലിനോക്കി വരുന്ന അധ്യാപകരെ പിന്നീട് പ്രസ്തുത പ്രായപരിധികഴിഞ്ഞ ദിവസവേതനക്കാർക്ക് അവരുടെ ദിവസവേതനാടിസ്ഥാനത്തിലെ നിയമനം നിശ്ചിത പ്രായപരിധിക്കുള്ളിലാണെങ്കിൽ വയസ്സിളവ് നല്കാറുണ്ട്. സ.ഉ (എം.എസ്) നം.168/2021/പൊവിവ തീയതി 26.07.2021 പ്രകാരം 2014-15, 2015-16, 2016-17, 2017-18 വർഷങ്ങളിൽ ബാച്ചനുവദിച്ച് പിന്നീട് തസ്തികകൾ അനുവദിച്ച സ്കൂളുകൾക്കും കായക്കൊടി കെ.പി.ഇ.എസ് ഹയർസെക്കന്ററി സ്കൂളിനും ചിന്നമ്മ ഹയർ സെക്കന്ററി സ്കൂളിനും ഇതേ ആനുകൂല്യം അനുവദിച്ച് നല്കിയിട്ടുണ്ട്.

8) ഈ വിഷയത്തിൽ സാമ്പത്തിക ബാധ്യതയില്ലാത്തതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതില്ല. കൂടാതെ, എയ്ഡഡ് സർവ്വീസ് പബ്ലിക് സർവ്വീസ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്തതുകൊണ്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായവും ആരായേണ്ടതില്ലെന്ന് കാണുന്നു.

9) കോഴിക്കോട് എരഞ്ഞിപ്പാലം കരുണ ബധിര മൂക ഹയർസെക്കന്ററി സ്കൂളിലെ ഗസ്റ്റ് അധ്യാപികയായ ഡോ.സവിതയുടെ ദിവസവേതനാടിസ്ഥാനത്തിലെ നിയമനം നിശ്ചിത പ്രായപരിധിക്കുള്ളിലായതിനാൽ ടി സ്കൂളിൽ സ.ഉ(എം.എസ്)നം. 169/2021/പൊവിവ തീയതി 26.07.2021 പ്രകാരം സൃഷ്ടിച്ച എച്ച്.എസ്.എസ്.റ്റി മാത്തമെറ്റിക്സ് തസ്തികയിലേയ്ക്ക് സ്ഥിര നിയമനം നടത്തുമ്പോൾ സ്ഥിരനിയമന ഉത്തരവ് തീയതി മുതൽ മാത്രം ശമ്പളാനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂവെന്ന വ്യവസ്ഥയോടെ ടിയാന്റെ പ്രായപരിധിയിൽ ഇളവ് (കെ.ഇ.ആർചട്ടം 8 അധ്യായം 32 ലുള്ള ഇളവ്) അനുവദിക്കാവുന്നതാണ് എന്നു കാണുന്നു.

10) ഫയൽ ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വഴി ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ഡോ.സവിതയുടെ ദിവസവേതനാടിസ്ഥാനത്തിലുള്ള താല്ക്കാലിക നിയമനം നിശ്ചിത പ്രായപരിധിക്കുള്ളിലായതിനാൽ കോഴിക്കോട് എരഞ്ഞിപ്പാലം കരുണ ബധിര മൂക ഹയർ സെക്കന്ററി സ്കൂളിൽ സൃഷ്ടിക്കപ്പെട്ട എച്ച്.എസ്.എസ്.റ്റി മാത്തമെറ്റിക്സ് തസ്തികയിൽ സ്ഥിരനിയമനം നടത്തുമ്പോൾ, സ്ഥിര നിയമന ഉത്തരവ് തീയതി മുതൽ മാത്രം ശമ്പളാനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂവെന്ന വ്യവസ്ഥയോടെ കരുണ ബധിര മൂക ഹയർ സെക്കന്ററി സ്കൂളിലെ ഗസ്റ്റ് അധ്യാപികയായ ഡോ.സവിത കെ- യ്ക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് (കെ.ഇ.ആർ, ചട്ടം 8 അധ്യായം XXXII - ലുള്ള ഇളവ്) അനുവദിക്കാമോ?